## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3566** — **17/12/2015-ൽ മറുപടിക്ക്**

### റാങ്ക് ലിസ്റ്റുകളിലെ അപാകത

**ചോദ്യം**
ശ്രീ.കോവൂർ കുഞ്ഞുമോൻ

**ഉത്തരം**
ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ അഞ്ച് വർഷമായി എഴുത്തു പരീക്ഷ ഒഴിവാക്കി അഭിമുഖം മാത്രം നടത്തി പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ബി) | പ്രസ്തുത റാങ്ക് ലിസ്റ്റുകളെക്കുറിച്ച് വ്യാപകമായ പരാതി ലഭിക്കുന്നത് ശ്രദ്ധയിൽ- പ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയം സംബന്ധിച്ച് പോലീസ് വിജിലൻസ്സിനെ കൊണ്ട് അന്വേഷിപ്പിക്കു-ന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ വന്നിട്ടും ഉദ്യോഗാർത്ഥികൾ വളരെ കുറവായ തസ്തികകളിലെ പരീക്ഷ ഒഴിവാക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) | കേരള പബ്ലിക് സർവീസ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ച് അപേക്ഷ സമർപ്പിക്കുന്ന തസ്തികകളിൽ ഏത് തരത്തിലുള്ള നിയമന രീതിയാണ് സ്വീകരിക്കേണ്ടത് എന്നത് കമ്മീഷന്റെ വിവേചനാധികാരമാണ്. ഓരോ തസ്തികയിലും ലഭ്യമാകുന്ന അപേക്ഷകളുടെ എണ്ണം അനുസരിച്ച് കമ്മിഷൻ ഉചിതമെന്ന് കണ്ടെത്തുന്ന നിയമന നടപടി കൈക്കൊള്ളുന്നു. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത റാങ്ക് ലിസ്റ്റുകളെക്കുറിച്ചുള്ള പരാതികളുടെ എണ്ണം എത്രയെന്നും അത്തരം പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ; | (ഡി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ഇ) | പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് മുൻകാലങ്ങളിലെങ്ങും ഇല്ലാത്ത പരാതികളും ക്രമക്കേടുകളും കൂടുന്നത് പി.എസ്.സി.യെപ്പോലെ വിശ്വാസമർപ്പിക്കുന്ന ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികളെയും രക്ഷിതാക്കളെയും ആശങ്കയിലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ